മോ? അതിന് ആവശ്യമായ ഇച്ഛാശക്തി ഇന്ത്യയിലെ പല്ലുമുളയ്ക്കാത്ത ജനാധിപത്യത്തിന് എപ്പോഴെങ്കിലും കൈവരുമോ? ഖൈരാതീലാൽ ഭോലയുടെ നിവേദനത്തിന് രാജീവ് ഗാന്ധി എന്തു് ഉത്തരം നൽകും? പതിവിൻപടിയുള്ള 'കൈപ്പററ'ലോ? അതോ, ശുദ്ധമൗനമോ?

(14 ഡിസംബർ, 1986)

# 79. ഒരു കലണ്ടർ കേസ്സ്

പുതുവർഷപ്പിറവിയിൽ ജനങ്ങൾ കലണ്ടറുകളെപ്പററി ധാരാളമായി ചിന്തിക്കുമല്ലോ. കഴിഞ്ഞ വർഷം (1986—ൽ) പുറത്തിറങ്ങിയ ഒരു കലണ്ടറിൽനിന്നു് ഉത്ഭവിച്ച രസകരമായ ഒരു കേസ്സിനെപ്പററി ഈ ലേഖനത്തിൽ പറയാം.

'വി. ഐ. പി. കലണ്ടർ' എന്ന പേരിൽ ഒരു കലണ്ടർ കഴിഞ്ഞ ആണ്ടിൽ പടിഞ്ഞാറേ ജർമനിയിൽ പ്രസിദ്ധീകരിച്ചിരുന്നു. സമകാല ലോകരാഷ്ട്രീയത്തിൽ വളരെ പ്രധാനപ്പെട്ടവരെന്നു നിർമാതാക്കൾ കരുതിയ പന്ത്രണ്ടു വ്യക്തികളുടെ ഹാസ്യചിത്രങ്ങൾ ഈ കലണ്ടറിൻെറ താളുകളിൽ ചേർത്തിരുന്നു. സ്വിററ്സർലണ്ടിലെ പെൻറ്ഹൗസ് പബ്ലിഷിങ് കമ്പനി തയ്യാറാക്കിയ ഈ കലണ്ടറിൻെറ മൂവായിരം പ്രതികളേ അച്ചടിക്കപ്പെട്ടിരുന്നുള്ളു. അവ വില്ക്കുകയല്ല, ജർമനിയിൽ വില വാങ്ങാതെ വിതരണം ചെയ്യുകയാണു് ഉണ്ടായതു്. പടിഞ്ഞാറേ ജർമനിയിലെ പാർലമെൻറ് അംഗങ്ങൾക്കെല്ലാം ഈ കലണ്ടർ കിട്ടിയിരുന്നു.

ഈ കലണ്ടറിൽ പത്തു പുരുഷന്മാരുടെയും രണ്ടു സ്ത്രീകളുടെയും ചിത്രങ്ങളാണു് അച്ചടിച്ചിരുന്നതു്. അമേരിക്കൻ പ്രസിഡണ്ട് റോണാൾഡ് റേയ്ഗൻെറ ചിത്രം വരച്ചിരുന്നതു് വിസ്കിക്കുപ്പികളിലെ 'ജോണി വാക്ക'റുടെ ചിത്രംപോലെയായിരുന്നു. ആ ചിത്രത്തിനു താഴെ 'റോണി വാക്കർ' എന്ന പേരു് എഴുതിയിരുന്നു. പടിഞ്ഞാറേ ജർമനിയിലെ ഒരു സ്റ്റേററ് ആയ ബവേറിയയിലെ മുഖ്യമന്ത്രി ജോസഫ് സ്ട്രൗസിനെ കലണ്ടറിൻെറ ഒരു പേജിൽ വസ്ത്രം ധരിക്കാതെ കൈകൊണ്ടു നഗ്നതമറച്ചു നില്ക്കുന്ന മട്ടിൽ ചിത്രീകരിച്ചിരുന്നു.

കലണ്ടറിൽ ചിത്രീകരിക്കപ്പെട്ട രണ്ടു സ്ത്രീകളിൽ ഒരാൾ ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗരററ് താച്ചർ ആയിരുന്നു. കുറിയ ട്രൗസർ ധരിച്ചു് ഫുട്ബോളുമായി നില്ക്കുന്ന താച്ചറുടെ തുറന്നുകിടക്കുന്ന തുട ചതഞ്ഞു നീർക്കെട്ടിയിരുന്നു.

വി. ഐ. പി. കലണ്ടറിലെ രണ്ടാമത്തെ സ്ത്രീ പശ്ചിമജർമനിയിൽ പാർലമെൻറംഗവും, പ്രകൃതിസംരക്ഷണത്തിനും അണു ആയുധനിരോധനത്തിനുംവേണ്ടി നിലകൊള്ളുന്ന ഗ്രീൻ (പച്ച) പാർട്ടിയിലെ ഒരു പ്രമുഖ വ്യക്തിയും ആയ പെട്രകെല്ലി ആയിരുന്നു. തികച്ചും നഗ്നയായി, പുറംതിരിഞ്ഞു്, എങ്കിലും തല തിരിച്ചു വായനക്കാരെ നോക്കിക്കൊണ്ടുനില്ക്കുന്ന രീതിയിലാണു് കെല്ലിയെ ചിത്രീകരിച്ചിരുന്നതു്. തുണിയുടുക്കാത്ത കെല്ലിയുടെ അരയിൽ കെട്ടിയ കറുത്ത ബെൽട്ടിൽനിന്നു് തോലുറയിലിട്ട ഒരു കൈത്തോക്കു് തൂങ്ങിക്കിടന്നിരുന്നു. ഈ കൈത്തോക്കിൻെറ പിടിയിലായിരുന്നു പെട്രകെല്ലിയുടെ വലതുകൈ. ചിത്രത്തിൽ കെല്ലി കഠാരപോലെ കൂർത്ത മടമ്പുള്ള കറുത്ത

ബൂട്സ് ധരിച്ചിരുന്നു. ഓറിഹോഫ്മെക്ലേർ എന്നു പേരായ, പ്രസിദ്ധനായ, ഇസ്രായേലി കാർട്ടൂണിസ്റ്റ് വരച്ചതായിരുന്നു ഈ ചിത്രം.

കലണ്ടറിൽ ചിത്രം പ്രസിദ്ധീകരിച്ചതിനു് നഷ്ടപരിഹാരമായി പെൻറ്ഹൗസ് പബ്ലിഷിങ് കമ്പനി തനിക്കു് എൺപതിനായിരം മാർക്ക് നൽകണമെന്നു് ആവശ്യപ്പെട്ടു് പെട്രകെല്ലി കോടതിയെ സമീപിച്ചു. നഗ്നയായി ചിത്രീകരിക്കപ്പെട്ടതിനാൽ താൻ അപമാനിതയായിരിക്കുന്നു എന്നു് പെട്രകെല്ലി പറഞ്ഞില്ല. അത്തരം 'തൊട്ടാവാടിത്തം' ഒന്നും തനിക്കില്ലെന്നു് ആ പാർലമെന്റംഗം വ്യക്തമാക്കി. പക്ഷേ, അനുവാദമില്ലാതെ തന്റെ ചിത്രം പ്രസിദ്ധീകരിച്ചപ്പോൾ പബ്ളിഷിങ് കമ്പനി ചെയ്തതു നിയമവിരുദ്ധമായി തന്റെ സ്വൈരം ഭഞ്ജിക്കുക (ഇൻവേഷൻ ഓഫ് പ്രൈവസി) ആയിരുന്നു. കലണ്ടറിന്റെ പ്രചാരത്തിനായി സ്ത്രീയുടെ നഗ്നരൂപം ഉപയോഗപ്പെടുത്തിയതിൽ പെട്രകെല്ലി പ്രതിഷേധിച്ചു. നഷ്ടപരിഹാരമായി കോടതി വിധിച്ചേക്കാവുന്ന തുക വ്യക്തിപരമായി തനിക്കാവശ്യമില്ലെന്നും അവർ പറഞ്ഞു. ക്യാൻസർ ബാധിച്ച കുട്ടികളുടെ സേവനത്തിനായി ആ തുക ചെലവഴിക്കാനായിരുന്നു അവരുടെ ഉദ്ദേശ്യം.

പെട്രകെല്ലിയെ നഗ്നയായി വരച്ചതു ദുരുദ്ദേശ്യത്തോടെയാണെന്നു് കെല്ലിയുടെ വക്കീൽ മാഡം ക്ലൈൻ കോടതിയിൽ വാദിച്ചു. രാഷ്ട്രീയ പ്രവർത്തനത്തിൽ കെല്ലി ഉയർന്നുവന്നതു് സ്ത്രീത്വം (സെക്സ്) ഒരായുധമായി ഉപയോഗപ്പെടുത്തിക്കൊണ്ടാണു് എന്നതാണു് അതിലടങ്ങിയ ദുസ്സൂചന. ഇതു തികച്ചും തെററാണു്. അഹിംസാവാദിയായ കെല്ലിയുടെ കൈയിൽ കൈത്തോക്കു കൊടുത്തതാണു് ചിത്രകാരന്റെ മറെറാരു തെററു്.

പെൻറ്ഹൗസ് പബ്ളിഷിങ് കമ്പനിയുടെ വക്കീൽ ഇതെല്ലാം നിഷേധിച്ചു. പ്രകൃതിയിലേക്കു മടങ്ങാനും പരിഷ്കാരത്തിന്റെ വെച്ചുകെട്ടുകൾ എല്ലാം ഉപേക്ഷിക്കാനും ആവശ്യപ്പെടുന്ന ഒരു രാഷ്ട്രീയ കക്ഷിയാണു് ഗ്രീൻ (പച്ച) പാർട്ടി എന്ന വസ്തുത വ്യക്തമാക്കാനാണു ചിത്രകാരൻ പെട്രയെ നഗ്നയായി വരച്ചതു്. അവരുടെ കൈയിൽ കൈത്തോക്കു കൊടുത്തതാകട്ടെ പൊരുതുന്ന, ഊർജസ്വലമായ, ഒരു പാർട്ടിയാണു് 'പച്ചകൾ' എന്നു സൂചിപ്പിക്കാനും. താൻ ഉദ്ദേശിക്കുന്ന കാര്യം വ്യക്തമാക്കാൻ ഏതെല്ലാം പ്രതീകങ്ങളാണു തിരഞ്ഞെടുക്കേണ്ടതു് എന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം കലാകാരനുണ്ടു്. മൗലികമായ ഈ സ്വാതന്ത്ര്യം വിനിയോഗിക്കുക മാത്രമേ, പെട്രയെ ചിത്രീകരിക്കുമ്പോൾ ഹാസ്യചിത്രകാരൻ ചെയ്തിട്ടുള്ളു. അതിൽ പരാതിപ്പെടുകയല്ല, ലോകപ്രസിദ്ധരായ പന്ത്രണ്ടു രാഷ്ട്രീയപ്രവർത്തകരുടെ കൂട്ടത്തിൽ തന്നെ ഉൾപ്പെടുത്തിയതിനു് ചിത്രകാരനോടു കൃതജ്ഞത പറയുകയാണു് പെട്രകെല്ലി ചെയ്യേണ്ടതു്.

കലാകാരനു് ആവിഷ്കരണസ്വാതന്ത്ര്യമുണ്ടെന്ന വാദത്തോടു് പെട്രകെല്ലി യോജിച്ചു. പക്ഷേ, ഈ സ്വാതന്ത്ര്യം നിയമവിധേയമാവണം. ഒരു ഹാസ്യചിത്രകാരനു് ഏതററംവരെ പോകാം? ഇതു സംബന്ധിച്ചു ചില വഴക്കങ്ങളൊക്കെ വേണം. അതിർ കടക്കുന്ന സ്വാതന്ത്ര്യം ആർക്കും നന്നല്ല.

ഒരളവുവരെ പരിഹാസം നേരിടാൻ പൊതുരംഗത്തു പ്രവർത്തിക്കുന്നവർ തയ്യാറാകണമെന്നു് ഈ കേസ്സ് വിചാരണചെയ്ത ജഡ്ജി പറഞ്ഞു. അഭിപ്രായം രൂപവത്കരിക്കുന്നതിലും, അതു് ആവിഷ്കരിക്കുന്നതിലും, വളരെ വലിയ അളവിൽ സ്വാതന്ത്ര്യം കലാകാരനു് ആവശ്യമാണു്. എങ്കിലും കലാകാരന്റെ സ്വാതന്ത്ര്യത്തെ അടിസ്ഥാനമാക്കി പെട്രകെല്ലിയുടെ അന്യായം തള്ളിക്കളയേണ്ടതാണെന്നു് ജഡ്ജി കരുതിയില്ല.

അതേസമയം, വിവാദവിഷയമായ കലണ്ടർ തയ്യാറാക്കിയതിൽ പെൻറ്ഹൗസ് പബ്ളിഷിങ് കമ്പനിക്കു പങ്കുണ്ടായിരുന്നില്ല എന്നായിരുന്നു ജഡ്ജിയുടെ നിഗമനം. അതായത്, ശരിക്കും കൂട്ടിൽ കയറേണ്ട സ്ഥാപനത്തിൻെറയോ, വ്യക്തിയുടെയോ പേരിൽ ആയിരുന്നില്ല അന്യായം ഫയൽ ചെയ്തിരുന്നത്. ഈ സാങ്കേതികകാരണത്തിൻെറ പേരിൽ പെട്രകെല്ലിയുടെ അന്യായം ജഡ്ജി തള്ളിക്കളഞ്ഞു.

ജർമനിയിലെ ഒരു നാടകകൃത്തായ റോൾഫ് ഹോക്ഹുത്ത് ഈ കേസ്സ് നടക്കുമ്പോഴൊക്കെ കോടതിയിൽ സന്നിഹിതനായിരുന്നു. ഒരു ഹാസ്യചിത്രത്തെച്ചൊല്ലി ജർമനിയിലെ ഒരു രാഷ്ട്രീയപ്രവർത്തക കോടതി കയറിയതു് റോൾഫിന് ഇഷ്ടമായില്ല. കലാകാരൻെറ സ്വാതന്ത്ര്യമാണ് ഈ കേസ്സിലെ മൗലികപ്രശ്നം എന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം.

ഈ കേസ്സിനെക്കുറിച്ച് 'ജർമൻ ട്രൈബ്യൂൺ' വാരികയിൽ പ്രസിദ്ധീകരിച്ച ലേഖനം വായിച്ചപ്പോൾ എനിക്കു തോന്നിയതു്, കലണ്ടറിൻെറ പ്രകാശനത്തിനു ശരിക്ക് ഉത്തരവാദികളായവക്ക് എതിരെയാണ് അന്യായം സമർപ്പിക്കപ്പെട്ടതെങ്കിൽ, പെട്രകെല്ലി ആവശ്യപ്പെട്ട നഷ്ടപരിഹാരം, സൈ്വരഭഞ്ജനത്തിൻെറ പേരിൽ, ജഡ്ജി വിധിക്കുമായിരുന്നു എന്നാണ്.

നമ്മുടെ നാട്ടിലെ ഹാസ്യചിത്രകാരന്മാർ ശ്രദ്ധിക്കുക!

(8 ഫെബ്രുവരി, 1987)

# 80. വാഴ്‌വേമായം

കഴിഞ്ഞ ആഴ്ചയിൽ ഏഴു രൂപയ്ക്കു വാങ്ങിയ അത്രയും നല്ലെണ്ണയ്ക്ക് ഈ ആഴ്ചയിൽ പതിമ്മൂന്നു്രൂപ വില കടക്കാരൻ ആവശ്യപ്പെട്ടപ്പോൾ പാവം വീട്ടമ്മ കരുതിയതു് കൂടുതൽ മെച്ചപ്പെട്ട എണ്ണ തനിക്കു കിട്ടുന്നു എന്നാണ്. വീട്ടിൽ കൊണ്ടുപോയി, പൂജാമുറിയിലെ വിളക്കിൽ ഒഴിച്ചുനോക്കിയപ്പോഴോ, തിരിയിലൂടെ എണ്ണ കയറുന്നില്ല! വിളക്കിൽ നിറയെ എണ്ണ ഇരിക്കെത്തന്നെ ദീപം കെട്ടുപോകുന്നു! തിരി കരിഞ്ഞു കിടക്കുന്നു! എണ്ണ പുരണ്ട സ്ഥലത്തൊക്കെ ഒട്ടൽ. അപരിചിതമായ ഒരു നാററവും. കടക്കാരൻ കളിപ്പിച്ചതായിരിക്കുമോ? ഇത്രയും നീണ്ട കാലത്തെ പരിചയമുള്ള തന്നെ കടക്കാരൻ കളിപ്പിക്കുമോ?

വീട്ടമ്മ കടക്കാരനോട്ട് ആരാഞ്ഞു. 'ഞാനെന്തു ചെയ്യാനാണ് അമ്മേ? മൊത്തക്കച്ചവടക്കാരൻ തരുന്ന സാധനം വില്ക്കാനല്ലേ എനിക്കു കഴിയൂ? എണ്ണമാത്രമല്ല, ഇപ്പോഴിപ്പോൾ കിട്ടുന്ന സാധനങ്ങളൊക്കെ ഇങ്ങനെയാണ്. വില കൂടുംതോറും സാധനങ്ങളുടെ ഗുണം കുറഞ്ഞുവരുന്നു.' കടക്കാരൻ തൻെറ നിസ്സഹായത വെളിപ്പെടുത്തി.

വീട്ടമ്മ കാര്യം ഭർത്താവിൻെറ ദൃഷ്ടിയിൽ പെടുത്തി. ബാങ്കിലാണ് അദ്ദേഹത്തിനു ജോലി. എപ്പോഴും തിരക്കാണ്. ഈ 'നിസ്സാര' കാര്യങ്ങളൊന്നും ശ്രദ്ധിക്കാൻ സമയമില്ല. എങ്കിലും, പൂജാമുറിയിലെ വിളക്കു കൂടുതൽ പുകയുകയും, ഭക്ഷ്യവസ്തുക്കളുടെ രുചി ആപൽക്കരമാംവിധം കുറയുകയുംചെയ്തപ്പോൾ അദ്ദേഹവും ഉണർന്നു. അദ്ദേഹത്തിൻെറ സഹപ്രവർത്തകരും ഇങ്ങനെ ഒരു പ്രതിസന്ധിയിൽ വന്നുപെട്ടിരിക്കാം. ഏതായാലും ഒരാഴ്ച കഴിഞ്ഞപ്പോൾ, ഒരു ദിവസം അദ്ദേഹം ബാങ്കിൽനിന്നു വന്നതു് ഒരു പഴയ പത്രവുംകൊണ്ടാണ്. പത്ര